**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4467** **10-08-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക യന്ത്രസേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ കാർഷിക യന്ത്ര സേവനങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികൾ ഉണ്ടാകുമോ; യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി തീർക്കാൻ വേണ്ട നടപടികൾ ഉണ്ടാകുമോയെന്ന് അറിയിക്കാമോ? | (എ) | കാസർഗോഡ് ജില്ലയിൽ നിലവിൽ നാല് അഗ്രോ സർവ്വീസ് സെന്ററുകളും, 11 കാർഷിക കർമ്മ സേനകളും, കാസർഗോഡ് കൃഷി അസിസ്റ്റന്റ് എക്സ്യൂക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഒരു കസ്റ്റം ഹയറിംഗ് സെന്ററും കൃഷി വകുപ്പിൻ കീഴിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി പുല്ലൂർ പെരിയ അഗ്രോ സർവ്വീസ് സെന്ററിന് ഒരു കൊയ്ത്തു മെതിയന്ത്രവും ഒരു വയ്ക്കോൽ കെട്ടുന്ന യന്ത്രവും, നീലേശ്വരം അഗ്രോ സർവ്വീസ് സെന്ററിന് ഒരു വയ്ക്കോൽ കെട്ടുന്ന യന്ത്രവും 32ലക്ഷം രൂപ ചെലവിൽ നൽകിയിട്ടുണ്ട്.<br>കേരളത്തിലുടനീളമുള്ള കാർഷിക സേവന കേന്ദ്രങ്ങൾ, കാർഷിക കർമ സേനകൾ എന്നിവയുടെ കീഴിലുള്ള കേടായ എല്ലാ കാർഷിക യന്ത്രങ്ങളും നന്നാക്കുന്നതിന് കേരള സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷൻ 'കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം' എന്ന ഒരു പരിപാടി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇതിനായി ജില്ലകൾതോറും കാർഷിക യന്ത്ര ദൗത്യ സേനകളെ രൂപീകരിച്ചിട്ടുണ്ട്. കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം ഒന്ന്, രണ്ട്, മൂന്ന് ഘട്ടങ്ങളിലായി കാസർഗോഡ് ജില്ലയിലെ കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ സേനകളുടെയും കീഴിലുള്ള എട്ട് ട്രാക്ടർ, രണ്ട് മിനി ട്രാക്ടർ, മൂന്ന് പവർ ടില്ലർ, നാല് ഗാർഡൻ ടില്ലർ, രണ്ട് നടീൽ യന്ത്രം, അഞ്ച് പവർ റീപ്പർ, ഒൻപത് ബ്രഷ് കട്ടർ, മൂന്ന് സ്പ്രേയർ, ഒരു റോട്ടവേറ്റർ എന്നിവ അറ്റകുറ്റ പണികൾ നടത്തി പ്രവർത്തന യോഗ്യമാക്കിയിട്ടുണ്ട്. 2021 ജൂലായ് - സെപ്റ്റംബർ എന്നീ മാസങ്ങളിലായി നടത്തുന്ന കാർഷിക യന്ത്ര പരിരക്ഷണ യജ്ഞത്തിന്റെ നാലാം ഘട്ടത്തിൽ കാസർഗോഡ് ജില്ലയിലെ കാർഷിക സേവന കേന്ദ്രങ്ങളുടെയും |

| | | | |
|---|---|---|---|
| | | | കാർഷിക കർമ സേനകളുടെയും കീഴിലുള്ള കേടായ എല്ലാ കാർഷിക യന്ത്രങ്ങളുടെയും വിവരം ശേഖരിച്ച് അറ്റകുറ്റപണി ചെയ്ത് പ്രവർത്തന സജ്ജമാക്കുന്നതാണ്. കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പ്രവർത്തി പരിചയ പരിശീലനത്തിനുമായി കേരള സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷന്റെ (KSAMM) നേതൃത്വത്തിലുള്ള ടീം കാർഷിക യന്ത്ര പരിരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രവർത്തി പരിചയ പരിശീലനം നൽകി വരുന്നു. SMAM പദ്ധതി പ്രകാരം 1.27കോടി രൂപ വിവിധ യന്ത്രങ്ങൾക്ക് ആനുകൂല്യമായി കഴിഞ്ഞവർഷം കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. SMAM പദ്ധതി ഈ വർഷവും നടപ്പിലാക്കുന്നതിനാൽ ഇത്തരം യന്ത്രങ്ങൾ ആവശ്യമുള്ള കർഷകർക്ക് ലഭ്യമാക്കുന്നതിന് സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ